IV ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.സി. ജോസഫ് : സർ, കേരളത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് മുൻഗണനാ ക്രമത്തിൽ പരിപാടികൾ നിശ്ചയിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അംഗീകരിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ആദ്യമായി അഭ്യർത്ഥിക്കുകയാണ്. പുതിയ റെയിൽവേ ബഡ്ജറ്റ് വരാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനുതകുന്ന വിധത്തിലുള്ള പദ്ധതികൾ സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്ന റെയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് ഇനിയും സ്വീകരിച്ചു കാണാത്തത് വളരെയേറെ ദുഃഖകരമായ ഒരു കാര്യമാണ്. വണ്ടി പോയിക്കഴിഞ്ഞിട്ട് കൈ കാണിച്ചിട്ട് കാര്യമില്ല. റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞിട്ട് ഞങ്ങളെ അവഗണിച്ചു എന്നു പറയുന്നതിൽ അർത്ഥമില്ല. അപ്പോൾ അതിന്റെ ആപ്റ്റ് ആയിട്ടുള്ള സമയമാണിത്. ഈ സമയത്തെങ്കിലും കേരളത്തിന്റെ ആവശ്യം ഉന്നയിക്കാൻ തയ്യാറാകുന്നില്ലയെങ്കിൽ നമ്മുടെ അനുഭവം പഴയതുതന്നെ ആയിരിക്കും. പാർലമെന്റ് സമ്മേളനത്തിന് മുമ്പായി ഗവൺമെന്റ് വിളിച്ചുകൂട്ടിയ കേരളത്തിലെ എം.പി.മാരുടെ യോഗം തന്നെയാണ് ഈ ഗവൺമെന്റിന്റെ അനാസ്ഥയുടെ വലിയ ഉദാഹരണം. എം.പി.മാരുടെ മീറ്റിംഗിൽ സാധാരണ നൽകുന്ന അജണ്ടകൾ വീണ്ടും ആവർത്തിച്ച് അച്ചടിച്ച് കൊടുത്തതല്ലാതെ കേരളത്തെ ബാധിക്കുന്ന മൗലീകമായ പ്രശ്നങ്ങൾക്ക് ഊന്നൽ കൊടുക്കുവാനുള്ള നടപടി ഉണ്ടായില്ല എന്ന പരാതി ആ മീറ്റിംഗിൽ എം.പി.മാർ ഉന്നയിച്ചതാണ്. എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത് ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻഗണന നിശ്ചയിക്കണം. കേരളത്തിന് റെയിൽവേ ആവശ്യങ്ങളിൽ എന്തൊക്കെയാണ് പ്രയോറിറ്റി, ആ പ്രയോറിറ്റി തീരുമാനിച്ചുകൊണ്ട് സമ്മർദ്ദം ചെലുത്തി അംഗീകരിപ്പിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ ഒന്നാമത്തെ നിർദ്ദേശം പണത്തിന്റെ ലഭ്യതക്കുറവുകൊണ്ട് നീണ്ടുപോകുന്ന ഷൊർണ്ണൂർ-മംഗലാപുരം ലൈൻ ഇരട്ടിപ്പിക്കൽ. അത് സമയബന്ധിതമായി പൂർത്തിയാക്കുവാനാവശ്യമായ തുക 2000-2001-ലെ റെയിൽവേ ബഡ്ജറ്റിൽ വകയിരുത്തുവാൻ സമ്മർദ്ദം ചെലുത്തണം. മംഗലാപുരം-ഷൊർണ്ണൂർ ലൈൻ ഡബ്ളിംഗ് പൂർത്തിയാകുമ്പോൾ മംഗലാപുരം മുതൽ തിരുവനന്തപുരം വരെയുള്ള ഡബ്ളിംഗ്, ആ സൗകര്യം ലഭിക്കണമെങ്കിൽ ഒരു മിസിംഗ് ലിങ്ക് ഉള്ളത് എറണാകുളം-കോട്ടയം കായംകുളം സെക്ടറിലാണ്. റെയിൽവേയുടെ നിലപാട് എറണാകുളം-കോട്ടയം-കായംകുളം ലൈനും എറണാകുളം-ആലപ്പുഴ-കായംകുളം ലൈനും ഡബ്ളിംഗായിട്ട് അവർ കാണുന്നു. അത് ഡബ്ളിംഗല്ല. രണ്ടു സമാന്തര ലൈനുകളാണ്. തീരദേശ റെയിൽവേക്കു വേണ്ടി ശ്രീ. സുധീരൻ അടക്കം നടത്തിയ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായാണ് എറണാകുളം, ആലപ്പുഴ-കായംകുളം ലൈനിന്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നേടിയെടുക്കാൻ സാധിച്ചത്. അത് കോട്ടയം ലൈനിന്റെ ഡബ്ളിംഗല്ല. അതുകൊണ്ട് മംഗലാപുരം തൊട്ട് തിരുവനന്തപുരം വരെയുള്ള ആ ഡബ്ളിംഗ് പൂർത്തിയാക്കുന്നതിനുവേണ്ടി എറണാകുളം-കോട്ടയം-കായംകുളം ലൈനും എറണാകുളം-ആലപ്പുഴ-കായംകുളം ലൈനും ഡബ്ളിംഗിനാവശ്യമായ പദ്ധതികൾ ഈ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനാവശ്യമായ സമ്മർദ്ദം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. മൂന്നാമത്തെ കാര്യം കൊച്ചി-കോയമ്പത്തൂർ ഇലക്ട്രിഫിക്കേഷൻ പൂർത്തിയായി. ഇനി കൊച്ചി-തിരുവനന്തപുരം ഇലക്ട്രിഫിക്കേഷൻ ജസ്റ്റിഫൈ ചെയ്യണം. ആ കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ല. കോയമ്പത്തൂർ-കൊച്ചി സെക്ടറിലെ വൈദ്യുതീകരണം പൂർത്തിയായ സാഹചര്യത്തിൽ കോയമ്പത്തൂർ-കൊച്ചി-തിരുവനന്തപുരം ലൈൻകൂടി വൈദ്യുതീകരിക്കാൻ ആവശ്യമായ സമ്മർദ്ദം സംസ്ഥാന ഗവൺമെന്റ് മുൻഗണന കൊടുത്ത് ചെലുത്തുവാൻ വേണ്ട നടപടി സ്വീകരിക്കണം. അതുപോലെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ റെയിൽവേ സോണൽ ഓഫീസ് ഇല്ലാത്ത ഏകസംസ്ഥാനം കേരളമാണ്. മദിരാശിക്കും കർണ്ണാടകത്തിനും ആന്ധ്രയ്ക്കും ഉണ്ട്. കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾക്ക് ഒരു പരിഗണന ഉണ്ടാകണമെങ്കിൽ, ആവശ്യമായ ഫണ്ട് അലോക്കേഷൻ ഉണ്ടാകണമെങ്കിൽ റെയിൽവേ സോണൽ ഓഫീസ് അടിയന്തിരമായി ആവശ്യമാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഷൊർണ്ണൂർ-മംഗലാപുരം സെക്ടറിലെ ഡബ്ളിംഗ് പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം കോഴിക്കോട്-കണ്ണൂർ-കാസർഗോഡ് മേഖലയിൽ ഉണ്ടാകുന്ന റോഡ് ഗതാഗത സ്തംഭനമാണ്. ഡബ്ളിംഗ് പൂർത്തിയായാൽ ആ സെക്ടറിൽ പലപ്പോഴും വണ്ടി കടന്നുപോകുന്ന സാഹചര്യമുണ്ടാകും. ഇപ്പോൾതന്നെ കോഴിക്കോട്-കണ്ണൂർ സെക്ടറിൽ 8 റെയിൽവേ ഓവർ ബ്രിഡ്ജ് വേണം. കണ്ണൂരിൽ നിന്ന് കാസർഗോഡ് വരെ. ആ ഡബ്ളിംഗ് പൂർത്തിയാകുമ്പോൾ ആ റോഡ് ഗതാഗതം സ്തംഭിക്കാൻ പോകുകയാണ്. കടന്നുപോകണമെങ്കിൽ അവിടെ മണിക്കൂറുകളോളം കാവൽകിടക്കേണ്ടിവരും. അതുകൊണ്ട് ഈ മേഖലയിലെ റെയിൽവേ നടപ്പാലങ്ങൾക്കു മുൻഗണന കൊടുത്ത് നടപടി സ്വീകരിക്കാനും കേരളം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാനും തയ്യാറാകണം. നെടുമ്പാശ്ശേരി വിമാനത്താവളം പണി പൂർത്തിയായി. അത് ആരംഭിച്ചു കഴിഞ്ഞു. പക്ഷേ, അങ്ങോട്ട് പോകണമെങ്കിൽ മാർത്താണ്ഡവർമ്മ പാലത്തിലെ കിഴക്കു

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. രാഘവൻ)

ഭാഗത്ത് എൻ.എച്ചു.മായി ബന്ധിപ്പിക്കുന്ന ആ ഭാഗത്ത് റെയിൽവേ ഓവർ ബ്രിഡ്ജ് ഇല്ലായ്മ വലിയ പ്രശ്നമാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ സൗകര്യങ്ങൾ പൂർണ്ണമായി ലഭ്യമാകണമെങ്കിൽ മാർത്താണ്ഡവർമ്മ പാലത്തിന് സമാന്തരമായി പാലമുണ്ടാകണം. അതുപോലെ വിമാനത്താവളവുമായി ബന്ധപ്പെടുത്തുന്ന നാഷണൽ ഹൈവേയും റെയിൽവേ ഓവർ ബ്രിഡ്ജും ഉണ്ടാകണം. പുതിയതായി ആരംഭിക്കാൻ പോകുന്ന പുതിയ ലൈനുകൾ തുടങ്ങി പല ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ശബരി പാത, തിരൂർ-ഇടപ്പള്ളി പാത, തലശ്ശേരി-മൈസൂർ പാത, മധുര-പുനലൂർ-നെടുമങ്ങാട്-തിരുവനന്തപുരം പാത

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം കേരളത്തിന്റെ ദീർഘമായ ആവശ്യങ്ങളാണ്. ഈ പാതകൾ മുൻഗണന നൽകി നടപ്പിലാക്കാനുള്ള അംഗീകാരം തേടുവാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. എനിക്ക് വീണ്ടും ആവർത്തിച്ച് പറയാനുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഗൗരവമായ നടപടികൾ ഉണ്ടായില്ലെങ്കിൽ പഴയ കഥ ആവർത്തിക്കപ്പെടും. റെയിൽവേ ബഡ്ജറ്റ് രണ്ടാഴ്ചയ്ക്കുള്ളിൽ വരാൻ പോകുന്നു. നമ്മുടെ എം.പി.മാരെ മുൻനിർത്തിക്കൊണ്ട് അവരുമായി ഒന്നിച്ച് കേരളത്തിന്റെ മുഖ്യമന്ത്രിയോ അല്ലെങ്കിൽ ഒരു സീനിയർ കാബിനറ്റ് മിനിസ്റ്ററോ ഡൽഹിയിൽ പോയി റെയിൽവേ മന്ത്രിയെ കണ്ട് ഇക്കാര്യം പറയണം. കേരളത്തിന്റെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പറഞ്ഞ് കേന്ദ്രത്തെക്കൊണ്ടംഗീകരിപ്പിച്ചില്ലെങ്കിൽ കേരളം വീണ്ടും പിന്നോക്കം പോകും. റെയിൽവേ മന്ത്രി ശ്രീമതി മമതാ ബാനർജിയോട് മാർക്സിസ്റ്റ് പാർട്ടിക്കുള്ള അലർജിയുടെ ഫലം അനുഭവിക്കേണ്ടിവരുന്നത് കേരളമാകാൻ പാടില്ല. ശ്രീമതി മമതാ ബാനർജി നിങ്ങൾക്കൊരു അലർജി തന്നെയാണ്. പക്ഷേ, അവർ ബംഗാളിൽ ധാരാളം പദ്ധതികൾ പ്രഖ്യാപിച്ച് കൊണ്ടിരിക്കുന്നു. ബംഗാളിന് എല്ലാ പരിണനയും കിട്ടുന്നുണ്ട്. പക്ഷേ, കേരളത്തിൽ, ശ്രീമതി മമതാ ബാനർജിയോട് നിങ്ങൾക്കുള്ള അലർജി, അതിന്റെ കാഷ്വാലിറ്റി ആയി കേരളം മാറാതെ കേരളത്തിന്റെ മൗലീകമായ റെയിൽവേ ആവശ്യങ്ങൾ, റെയിൽവേ വികസനം അതിനുവേണ്ടിയുള്ള പദ്ധതികൾക്ക് മുൻഗണന കൊടുക്കാനും എം.പി.മാരെ ഒന്നായി നിർത്തിക്കൊണ്ട് അവരുമായിക്കൂടി ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അംഗീകരിപ്പിക്കുവാനും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, റയിൽവേ വികസന കാര്യത്തിൽ കേരള സംസ്ഥാനം അവഗണിക്കപ്പെടുന്ന കാര്യം പല പ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. മുൻ വർഷങ്ങളിലെ റയിൽവേ ബഡ്ജറ്റുകൾ വിലയിരുത്തുമ്പോൾ മിക്കവാറും എല്ലാ വർഷങ്ങളിലും ബഡ്ജറ്റിൽ കേരളത്തിനുവേണ്ടി ഉൾക്കൊള്ളിക്കുന്ന തുക സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുമായി തട്ടിച്ചുനോക്കിയാൽ കുറഞ്ഞുവരുന്ന പ്രവണതയാണ് കാണുന്നത്. പുതിയ പദ്ധതികൾ അനുവദിക്കുന്ന കാര്യത്തിലും കേരളത്തോട് അവഗണനയാണ് കാട്ടിവരുന്നത്. പ്രധാനപ്പെട്ട പല റെയിൽവേ പാതകളും ഇരട്ടിപ്പിക്കണമെന്ന് കേരള സർക്കാർ കേന്ദ്രത്തോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. മാംഗ്ലൂർ, കോഴിക്കോട്, കോഴിക്കോട്-ഷൊർണ്ണൂർ, തിരുവനന്തപുരം-കൊല്ലം എന്നിവയാണ് പ്രധാനമായും ഇരട്ടിപ്പിക്കേണ്ടത്. ഇതിൽ തിരുവനന്തപുരം-കൊല്ലം പാതയുടെ പണി ഈ മാർച്ച് 31-ന് മുമ്പ് തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുപോലെ തന്നെ കോഴിക്കോട്-ഷൊർണ്ണൂർ, കോഴിക്കോട്-മാംഗളൂർ എന്നീ പാതകൾ ഇരട്ടിപ്പിക്കൽ പണിക്ക് കൂടുതൽ തുക വരുന്ന റെയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്രത്തോട് ശക്തിയായി ആവശ്യപ്പെടുന്നതാണ്. ഇതുസംബന്ധിച്ച് കേന്ദ്രറെയിൽവേ മന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. റെയിൽവേ പാത വൈദ്യുതീകരണത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുലോം പിന്നോക്കാവസ്ഥയിലാണ്. പ്രധാന പാതയായ ഈറോഡ്-എറണാകുളം ലൈനിന്റെ വൈദ്യുതീകരണം ഈ

LIBRARY ARCHIVES Kerala Legislative Assembly

മാർച്ചോടെ പൂർത്തിയാക്കി ലൈൻ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എറണാകുളം-തിരുവനന്തപുരം പാതയുടെ വൈദ്യുതീകരണം സംബന്ധിച്ച് കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടെന്നറിയുന്നു. അതുപോലെ തന്നെ ഷൊർണൂർ-മാംഗ്ളൂർ റയിൽവേ ലൈനിന്റെ വൈദ്യുതീകരണം വളരെ അത്യന്താപേക്ഷിതമാണ്. മേൽപ്പറഞ്ഞ റയിൽവേ വൈദ്യുതീകരണ പദ്ധതികൾക്ക് കൂടുതൽ പണം അനുവദിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. കായംകുളം-എറണാകുളം റയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നത് സംബന്ധിച്ച് സർവ്വേ വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനും മതിയായ ഫണ്ട് അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. കേന്ദ്ര റയിൽവേ മന്ത്രിയെ നേരിട്ട് കണ്ട് സംസാരിച്ച കാര്യങ്ങളാണ് ഇതെല്ലാം. അപ്പോൾ എന്നോട് പറഞ്ഞത് ഇതിനൊന്നും പണമില്ലായെന്നാണ്. ശബരി റയിൽപ്പാതയുടെ നിർമ്മാണത്തിനായി മൂവാറ്റുപുഴയിൽ ഒരു പ്രോജക്റ്റ് ഓഫീസ് തുറക്കുകയും അതോടൊപ്പം ലോക്കേഷൻ സർവ്വേയുടെ അന്തിമഘട്ടത്തിലുള്ള പണികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര റയിൽവേമന്ത്രി ഈ പാതയുടെ ഫണ്ട് സമാഹരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് അഭ്യർത്ഥന നടത്തിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ കൊച്ചി-നെടുമ്പാശ്ശേരി എയർപ്പോർട്ടിന്റെ സൗകര്യാർത്ഥം എറണാകുളത്ത് നിന്നും ഒരു പുതിയ ലൈൻ ആരംഭിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട റയിൽവേ ലൈൻ ബ്രോഡ്ഗേജ് ആക്കണമെന്നും കുറ്റിപ്പുറം ഗുരുവായൂർ ലൈൻ കൂടി ആരംഭിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള റയിൽപ്പാത ഇരട്ടിപ്പിക്കൽ, പാതയുടെ വൈദ്യുതീകരണം, പുതിയ പാതകളുടെ നിർമ്മാണം, ഗേജ് കൺവേർഷൻ എന്നീ പദ്ധതികൾക്കായി വരുന്ന റെയിൽവേ ബഡ്ജറ്റിൽ കൂടുതൽ പണം ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, കേരളത്തിന്റെ ആവശ്യങ്ങളുടെ നീണ്ട പട്ടിക മുഖ്യമന്ത്രി വായിക്കുകയുണ്ടായി. അത് സ്വാഗതാർഹമായ കാര്യമാണ്. ആവശ്യങ്ങളുടെ നീണ്ട പട്ടികയ്ക്കു പകരം കേരളത്തിന്റെ റയിൽവേ ആവശ്യങ്ങളുടെ പ്രയോറിറ്റി ഒന്ന്, രണ്ട്, മൂന്ന് എന്ന് പറഞ്ഞ് നിശ്ചയിച്ചുകൊണ്ട് റയിൽവേ ബഡ്ജറ്റ് ഉണ്ടാക്കുന്ന അവസരത്തിൽ ആ റയിൽവേ ബഡ്ജറ്റിൽ ആവശ്യമായ പരിഗണന ലഭിക്കുന്നതരത്തിൽ, കേരളത്തിലെ എം.പി.മാരെ ഒന്നായി ചേർത്ത് മുഖ്യമന്ത്രിയോ അല്ലെങ്കിൽ അങ്ങ് നിശ്ചയിക്കുന്ന ഒരു സീനിയർ മന്ത്രിയോ ഡൽഹിക്ക് പോയി വീണ്ടും ഈ ആവശ്യം ഉന്നയിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ഇ. കെ. നായനാർ</u> : സർ, ഞാൻ റയിൽവേ മന്ത്രിയെ നേരിട്ട് കണ്ട് നമ്മുടെ ഈ ഡിമാന്റ്സ് ഒക്കെതന്നെ സംസാരിച്ചതാണ്. അപ്പോൾ അവർ എന്നോട് പറഞ്ഞത്, റെയിൽവേയ്ക്ക്പണം ഇല്ലായെന്നാണ്. ഞാൻ വീണ്ടും സമ്മർദ്ദം ചെലുത്തി. കേന്ദ്രത്തിലെ പുതിയ ഒരു പാർട്ടിയുടെ മെമ്പർ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര റയിൽവേ മന്ത്രി. തൃണമൂൽ കോൺഗ്രസ്സിന്റെ നേതാവാണ്. അവരെ ഞാൻ കണ്ട് സംസാരിച്ചു. അവർ സശ്രദ്ധം കേട്ടു. അവസാനം പറഞ്ഞു, നായനാരെ പണിമില്ലായെന്ന്. ഞാൻ പറഞ്ഞു നിങ്ങൾ പണമില്ലെന്ന് പറഞ്ഞാൽ ഞാൻ പണമെവിടന്നാ ഉണ്ടാക്കുക. കള്ളനോട്ടടിക്കാൻ പോണമോ ? ഞാൻ അവരോട് ദീർഘമായി സംസാരിച്ചു. നല്ല രീതിയിൽ കേൾക്കുകയും ചെയ്തു. പക്ഷേ, ലാസ്റ്റിൽ പറഞ്ഞത് പണം കുറവാണ്, എങ്കിലും I shall try എന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതൊക്കെ ഞാൻ നേരിട്ട് പോയി കണ്ട് സംസാരിച്ചിട്ടുണ്ട്. തൃണമൂൽ ആണെങ്കിലും നേരിട്ടറിയാം. ബംഗാളിലെ തൃണമൂൽ കോൺഗ്രസിന്റെ നേതാവാണല്ലോ അവർ. ബംഗാളിന് വേണ്ടി കുറച്ച് കൊടുത്തു എന്ന് വരും. ആ നിലയ്ക്ക് ഇനിയും നമുക്ക് പറയാം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(2) ഇൻഡ്യ-അമേരിക്ക കരാറിന്റെ ഭാഗമായി ഇറക്കുമതി നിയന്ത്രണങ്ങളിൽ ഇളവുവരുത്തിയതുമൂലം സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഇൻഡ്യ-അമേരിക്ക കരാറിന്റെ ഭാഗമായി ഇറക്കുമതി നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയതുമൂലം സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്കാണ് എനിക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനുള്ളത്. അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് വിലക്ക് കല്പിച്ചിരുന്ന 1429 ഇനം വസ്തുക്കളിൽമേലുള്ള എല്ലാവിധ ഇറക്കുമതി നിയന്ത്രണങ്ങളും എടുത്തു കളഞ്ഞിരിക്കയാണ്. 1999 ഡിസംബർ 27-നാണ് ജനീവയിൽ വച്ച് ഇൻഡ്യ അമേരിക്കയുമായി നിർണ്ണായകമായ കരാറിൽ ഒപ്പ് വച്ചത്. 2001 മാർച്ച് 31-ഓടെ ഇറക്കുമതിക്കുള്ള എല്ലാ കാട്ട നിയന്ത്രണങ്ങളും ഇൻഡ്യ ഇല്ലാതാക്കുമെന്നായിരുന്നു കരാർ. പുതിയ കരാർ കേരളത്തെ അങ്ങേയറ്റം ദോഷകരമായി ബാധിക്കും. റബർ, റബർ ഉൽപ്പന്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, കൊപ്ര, നാളികേര ഉൽപ്പന്നങ്ങൾ, തേയില, മൽസ്യോൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ഇറക്കുമതി നിയന്ത്രണം ഇല്ലാതാവുന്നതോടെ കേരളത്തിലെ കാർഷിക മേഖല പൂർണ്ണമായും തകരും. ഉദാരവൽക്കരണത്തിന്റേയും സാമ്പത്തിക നയത്തിന്റേയും ഫലമായി മൂന്ന് വർഷം മുമ്പ് കിലോയ്ക്ക് 65 രൂപ വില ലഭിച്ചിരുന്ന റബറിന് ഇന്ന് 30 രൂപയിൽ താഴെമാത്രമാണ് വില. കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ നടപടി നാളികേരത്തിന്റെ വില വീണ്ടും ഇടിയുന്നതിനും നാളികേരക്കർഷകരെ കുത്തുപാളയെടുപ്പിക്കുന്നതിനും ഇടയാക്കും. നാളികേരത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് കർഷകർ കേരളത്തിലുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ പിന്നോട്ട് എടുപ്പിക്കുന്നതാണ് ഈ സ്ഥിതി. മത്സ്യോൽപ്പന്നങ്ങളുടെ ഇറക്കുമതി വരുന്നതോടുകൂടി ലക്ഷക്കണക്കായ മത്സ്യത്തൊഴിലാളികളാണ് കേരളത്തിൽ പട്ടിണിയിലാകാൻ പോകുന്നത്. മുൻ കരാറുകൾ പ്രകാരം 2003 മാർച്ച് 31-ഓടെ മാത്രമാണ് കാട്ട നിയന്ത്രണം എടുത്ത് കളയുവാൻ ഇൻഡ്യാ ഗവൺമെന്റിന് ബാദ്ധ്യതയുണ്ടായിരുന്നത്. എന്നാൽ ഇതോടുകൂടി 2001 മാർച്ച് 31-നകം തന്നെ ഈ കാട്ടയുടെ നിയന്ത്രണം എടുത്തുകളയുവാൻ ഇൻഡ്യാ ഗവൺമെന്റ് അങ്ങേയറ്റം നിർബന്ധിതമാവുകയാണ്. ഇത് ഇൻഡ്യയുടെ വ്യവസായ, കാർഷിക വളർച്ചാനിരക്ക് കുറയ്ക്കുകയും രാജ്യത്തെ അങ്ങേയറ്റം സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly